## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 5347** — **23/05/2017-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, ആർ. രാമചന്ദ്രൻ<br>,, എൽദോ എബ്രഹാം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പാർപ്പിടരംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ലൈഫ് മിഷൻ പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ; | (എ) | ഭവനരംഗത്തെ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ ലൈഫ്മിഷൻ പര്യാപ്തമാണ്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുവാനും ഭൂരഹിതരായ ഭവനരഹിതർക്ക് സ്വന്തമായി തൊഴിൽ ചെയ്തും ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിലെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക സേവനങ്ങളുടെയും പ്രയോജനം ലഭ്യമാക്കുന്നതിന് ഉതകുന്നതരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | ഭവന നിർമ്മാണത്തിനായി ഏതൊക്കെ വിഭാഗങ്ങളിലുള്ളവർക്കാണ് പ്രസ്തുത മിഷൻ മുഖേനയുള്ള ധനസഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | 1. ഭൂമിയുള്ള ഭവനരഹിതർ<br>2. ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ /വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ<br>3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താത്ക്കാലിക ഭവനമുള്ളവർ<br>4. ഭൂരഹിത ഭവനരഹിതർ<br>ഇതിൽ ആദ്യത്തെ രണ്ട് വിഭാഗക്കാർക്കും വീട് നിർമ്മിക്കാൻ/വാസയോഗ്യമാക്കാൻ ആവശ്യമായ തുക ഗുണഭോക്താവിന് |

| | | | |
|---|---|---|---|
| | | | നൽകുന്നതാണ് മൂന്നും നാലും വിഭാഗക്കാർക്ക് പാർപ്പിടസമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകളുടെ/വീടുകളുടെ സമുച്ചയം താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥലലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കുന്നതാണ്.<br><br>ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മുൻഗണന<br>1. മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ<br>2. അഗതികൾ<br>3. അംഗവൈകല്യമുള്ളവർ<br>4. ഭിന്നലിംഗക്കാർ<br>5. ഗുരുതര/മാരക രോഗമുള്ളവർ<br>6. അവിവാഹിതരായ അമ്മമാർ<br>7. രോഗം/അപകടത്തിൽപ്പെട്ട് ജോലിചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>8. വിധവകൾ<br>9. എച്ച്.ഐ.വി +ve ആയവർ |
| (സി) | ഭവന നിർമ്മാണത്തിനുപരിയായി മറ്റേതൊക്കെ മേഖലകളിലെ വികസനമാണ് ലൈഫ് മിഷൻ മുഖേന ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വികസന പ്രക്രിയയിൽ ഇനിയും പൂർണ്ണ പ്രയോജനം ലഭിക്കാത്തവരും ഒഴിവായിപ്പോയവരുമായ സാധാരണക്കാരുടെയും മുൻഗണന വിഭാഗങ്ങളുടെയും ജീവിത സൗകര്യങ്ങളും ജീവിതവും മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്തും ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിലെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക സേവനങ്ങളും ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ